
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



# HORIZON



## ST. ANTONY'S HSS PLASSANAL

## E. MAGAZINE 2020

# EDITORIAL

ആദിജ്ഞാനത്തിന്റെ അക്ഷരനാളങ്ങൾ തേടി.....

വിജ്ഞാന വിസ്ഫോടനത്തിന്റെ നൂതന സാധ്യതകൾ തേടി....

കാലചക്രത്തിന്റെ ഉൾവിളി തേടി...

പുത്തൻ അറിവുകളുടെ പിന്നാമ്പുറങ്ങളിലേക്ക്ഒരു എത്തിനോട്ടം . ചരിത്രത്തിന്റെ ഏടുകളിൽ രത്നകല്ലുകളായി മാറാൻ, വിവര സാങ്കേതിക വിദ്യയുടെ ഉൾത്തടങ്ങളിലേക്ക് എത്തിനോക്കുവാൻ ഒരു ചെറിയ പരിശ്രമം....

പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് - അറിവിന്റെ അമൃത രശ്മികൾ പൊഴിക്കുകയായി. ആത്മാവിഷ്കാരത്തിന്റെ മഹോന്നത പാഠങ്ങൾ ഗുരുമുഖത്തു നിന്ന് നേടുമ്പോൾ ; കാലത്തിന്റെ വെല്ലുവിളികളെ അർപ്പണ ബോധത്തോടെ ;ആത്മവിശ്വാസത്തോടെ നേരിടാൻ വിവര-വിനിമയ സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തി അനന്ത വിഹായസ്സിലേക്ക് ഒരു ജൈത്രയാത്ര.........

ചക്രവാളങ്ങൾ.........

# ആശംസകളോടെ........



പ്ലാശനാൽ സെൻ്റ് ആൻ്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ അഞ്ചാം തരം മുതൽ പത്താം തരം വരെയുള്ള വിദ്യാർത്ഥി പ്രതിഭകളുടെ സർഗാത്മക വാസനകളുടെ പ്രതിഫലനമാണ് HORIZON എന്ന DIGITAL MAGAZINE ലൂടെ അതിരുകൾ ഭേദിക്കുന്നത് . ബാല്യകൗമാരങ്ങളുടെ സുകുമാര സ്വപ്നങ്ങളുടെ ആവിഷ്കാരമാണ് ഈ വിശാലമായ HORIZON. മണ്ണപ്പം ചുട്ടും മഞ്ചാടിക്കുരു പെറുക്കികളിച്ചും പരൽമീൻ പിടിച്ചും രസിച്ചിരുന്ന കുരുന്നുകൾ ഇന്ന് സാങ്കേതികതയുടെ വിശാലമായ ലോകത്താണ്. ഈ രണ്ടു ലോകവും സമന്വയിപ്പിക്കുന്ന മഹനീയ കർമ്മമാണ് horizon-ൽ കത്തിപ്പടരുന്നത്. പിപഠിഷുക്കളാകാൻ മോഹിച്ച് കലാലയത്തിന്റെ തിരുമുറ്റത്തെത്തുന്ന കുരുന്ന ുകൾ digital തൂലികകൊണ്ട് horizon ൽ മായാ പ്രപഞ്ചം സൃഷ്ടിക്കുന്നു. ഈ സംരംഭത്തിന് ചുക്കാൻ പിടിച്ച Smt Elsamma Mathew ടീച്ചർക്കും Sri E .T. Joseph സാറിനും കൊച്ചു കലാ പ്രതിഭകൾക്കും Little Kites കൂട്ടുകാർക്കും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. 21ാം നൂറ്റാണ്ടിന്റെ  പടവുകൾ ചവിട്ടിക്കയറാൻ വെമ്പുന്ന ഈ കലാകാരൻമാർക്ക് പുതിയ പുതിയ ചക്രവാളങ്ങൾ കീഴടക്കി മുന്നേറാൻ സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

എന്ന്
CELINAMMA THOMAS
HEADMISTRESS

# എന്റെ വിദ്യാലയം



നമ്മുടെ പ്ലാശനാൽ എന്ന കൊച്ചു ഗ്രാമത്തിന്റെ അഭിമാനമാണ് സെന്റ് ആന്റണീസ് എച്ച്. എസ്. എസ്. പ്ലാശനാൽ. അതാണ് നമ്മുടെ വിദ്യാലയം. വളരെ ചെറിയൊരു വിദ്യാലയമായിരുന്നു നമ്മുടേത്. ഇപ്പോൾ വളരെയധികം ഉയർന്ന നിലയിലാണ് നമ്മുടെ വിദ്യാലയം. 1936ാം വർഷമാണ് ഈ വിദ്യാലയത്തിന്റെ യു. പി സെക്ഷൻ പണിത് ഉദ്ഘാടനം കഴിഞ്ഞത്. പിന്നീട് ഏകദേശം പത്ത് വർഷത്തിനുശേഷം 1949 ൽ ഈ വിദ്യാലയം ഹൈസ്ക്കൂൾ ആയി ഉയർത്തി. 1951-ൽ എച്ച് എസ് കെട്ടിടം പണിതു. 1961-ൽ രജതജൂബിലി ആഘോഷിച്ചു. 1986-ൽ കനകജൂബിലി ആഘോഷിച്ചു. 1998-ൽ ഈ വിദ്യാലയം ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തി. 2002-ൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചു. പിന്നീട് ഒരു പത്ത് വർഷം പിന്നിട്ടു അപ്പോൾ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. പിന്നീട് നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ കല,കായിക മേഖലകളിൽ വളരെയധികം കഴിവുകൾ പ്രകടിപ്പിച്ചു. പഠനമേഖലയിലും വളരെ പുരോഗമനമുണ്ടായി. നമ്മുടെ വിദ്യാലയത്തിന് ബെസ്റ്റ് സ്കൂൾ അവാർഡ് ലഭിച്ചു. സ്കൂൾ പ്രിൻസിപ്പലിന് ബെസ്റ്റ് ടീച്ചേർസ് അവാർഡ് ലഭിച്ചു. ഇപ്പോൾ 2019 നമ്മുടെ വിദ്യാലയത്തിൽ സാങ്കേതിക വിദ്യകളോടുകൂടി വളരെ പ്രശസ്തി പിടിച്ച് പറ്റി. ഇതാണ് എന്റെ സെന്റ് ആന്റണീസ് എന്ന കൊച്ചു വിദ്യാലയം.



Malavika Rajesh

9 A

# CHIEF EDITORS

- E T JOSEPH
- ELSAMMA MATHEW


# STUDENT EDITORS


- AKHIL JAYAN
- ASHIRVADH AJEESH
- ADONIS THOMAS
- ASHIN SOJAN

# LITTLE KITES MEMBERS


ADONIS THOMAS



ASHIRVADH  AJEESH



AKHIL JAYAN


AJO SAJI



SURYADETH B



NAVANEETH KRISHNA



JOYAL J JOY


ATHUL SHIBI


ASIN  JOSEPH


JOSEPH TOMY



SHARON SHAJI


ASHIN SOJAN


SEPIN REGI


AFINASH B


MUHAMMED SHA


ADHEEP K J


ANUMOL P S


GOPIKA R NAIR


SREELAKSHMI S


KRISHNAPRIYA V.B

# താളുകളിലൂടെ

1.എഡിറ്റോറിയൽ
2.ആശംസ
3.എന്റെ വിദ്യാലയം
4.കൈറ്റ് മെമ്പേർസ്
5.അറിവിന് കൂട്ടായി കായികവും
6.അത്യാഗ്രഹിയായ മനുഷ്യൻ
7.കിങ്ങിണി തത്തയും കുഞ്ഞിക്കുരുവിയും
8.പച്ചക്കറിക്കാരിയുടെ സ്വപ്നങ്ങൾ
9.മഹാപ്രളയം
10.ക്രിസ്തുമസ്
11.സൂര്യകാന്തി
12.ഇലക്ട്രിക്ക് വാഹനങ്ങൾ
13.മഴമുത്തുകൾ
14.വരവേൽക്കാം
15.വാ വാ നിലാവേ
16.എന്റെ ഗുരുനാഥന്
17.ആചാരമര്യാദകൾ ജീവിതത്തിൽ
18.കേരളവും പ്രകൃതിയും
19.വിലാപം
20.എണ്ണത്തിലല്ല കാര്യം
21.പാലാക്കാരുടെ സ്വകാര്യ അഹങ്കാരം മാണിസാർ
22.ക്വിസ്
23.ഭൂമിയമ്മയെ ചേർത്ത് പിടിക്കാം
24.ഉരുകുന്ന ഭൂമിക്ക് സ്നേഹപൂർവ്വം ഓസോൺ
25.IMPORTANT FACTS
26. सहयात्री
27. प्रकुति
28.കാലവർഷം
29.वकत  नही
30.चितत की सुनो
31. चितत की सुनो
32.വിവിധ മത്സരങ്ങളിൽ നിന്ന്
സമ്മാനാർഹരായവർ....school photos

# അറിവിന് കൂട്ടായ് കായികവും

ഒരിടത്ത് രണ്ട് കുട്ടികൾ ഉണ്ടായിരുന്നു രാജുവും ഗോപുവും. ഇവർ രണ്ട് പേരും ഒരേ വിദ്യാലയത്തിലായിരുന്നു പഠിച്ചിരുന്നത് പക്ഷേ ഗോപു പഠനത്തിൽ വളരെ മുൻപിലായിരുന്നു എന്നാൽ രാജു മറ്റുകാര്യങ്ങളിൽ കഴിവ് തെളിയിച്ചു കൊണ്ടിരുന്നു. വിദ്യാലത്തിലെ എല്ലാ അദ്ധ്യാപകർക്കും ഇവരെ വളരെ ഇഷ്ടമായിരു. പക്ഷെ ഗോപുവിന് രാജുവിനെ ഇഷ്ടമല്ലായിരുന്നു. ഗോപുവിനോടുള്ള



മറ്റുള്ളവരുടെ താൽപര്യംകുറയാൻ കാരണം രാജുവെന്ന് വിചാരിച്ചു. രാജു വളരെ ദരിദ്രനും ഗോപു വളരെ സമ്പന്നനുമായിരുന്നു. ഇതിന്റെ പേരിൽ ഗോപു എന്നും രാജുവിനെ കളിയാക്കുമായിരുന്നു. രാജു ഇതിനെ എതിർക്കാൻ പോകാറുമില്ല. ഒരിക്കൽ ഇവർ നഗരത്തിലോട്ട് പോകുവാനായി വഞ്ചിയിൽ കയറി. പൊതുവെ ആളുകൾ കുറവുള്ള ദിവസമായിരുന്നതിനാൽ മറ്റാരും ഉണ്ടായിരുന്നില്ല. വഞ്ചി പതിയെ കരയ്ക്കടുക്കാറായപ്പോൾ കാറ്റടിച്ച് വഞ്ചി മറിഞ്ഞു. രാജു കരയിലോട്ട് നീന്താൻ തുടങ്ങി. എന്നാൽ തിരിഞ്ഞ് നോക്കിയപ്പോൾ ഗോപുവിനെ കാണുന്നില്ല. ഗോപുവിന് നീന്തൽ അറിയില്ല എന്ന കാര്യം മനസ്സിലാക്കിയ രാജു രക്ഷിക്കാനായ് വഞ്ചിക്കടുത്തോട്ട് തിരിച്ച് നീന്തി. നോക്കിയപ്പോൾ വള്ളത്തിനടിയിൽപ്പെട്ടു കിടക്കുകയായിരുന്നു. രാജു ഗോപുവിനെ കൂട്ടി നീന്തി കരയിലെത്തിച്ചു. ഇതിനു ശേഷം ഇവർ വളരെ നല്ല സുഹൃത്തുക്കൾ ആയിരുന്നു. രാജുവിന് ധീരതക്കുള്ള അവാർഡും ഒപ്പം വീടും മറ്റും പണിയുവാനും ജീവിക്കാനും ഉള്ള പണവും കിട്ടി. ഒടുവിൽ അവർ രണ്ടുപേരും ജീവിക്കുവാനും പഠിക്കുവാനും തുടങ്ങി.



BY Suryadeth Babu
Class 9B

# അത്യാഗ്രഹിയായ മനുഷ്യൻ



ഒരിടത്ത് കാസിം എന്ന്  പേരുള്ള ഒരാളുണ്ടായിരുന്നു. അയാൾ വളരെ അത്യാഗ്രഹിയായിരുന്നു. ഒരിക്കൽ അയാൾ വഴിയിൽ കൂടി നടന്ന് പോകുമ്പോൾ ഒരു പാത്രം കിടക്കുന്നത് കണ്ടു. അവൻ ആ പാത്രം തുറന്ന് നോക്കി. അപ്പോൾ അതിൽ നിന്ന്  ഒരു ഭൂതം പുറത്ത് വന്നു. ആ ഭൂതം അവനോട് പറഞ്ഞു നിനക്ക് ഞാൻ ഒരു മോതിരം തരാം അതിൽ നോക്കി നി ഏതെങ്കിലും രണ്ട് ആഗ്രഹം പറയുക ആ ആഗ്രഹം നിനക്ക് സാധിച്ച് കിട്ടും. എന്നാൽ നി ഓർത്തുക്കോള്ളുക രണ്ട് ആഗ്രഹം ചോദിച്ച് കഴിഞ്ഞാൽ പിന്നെ ആ മോതിരം സാധാരണ മോതിരം ആയി തീരും. ഇത്രയും പറഞ്ഞ് ആ ഭൂതം പോയി. അവൻ വളരെ അത്യാഗ്രഹി ആയിരുന്നതിനാൽ അവൻ പറഞ്ഞു. എനിക്ക്  സ്വ ർണ കൊട്ടാരത്തിലേക്കുള്ള  വഴി കാണണം. അപ്പൊൾ ഒരു വഴി അവന്റെ മുമ്പിൽ തെളിഞ്ഞ് വന്നു. അവൻ ആ വഴിയേ നടക്കാൻ തുടങ്ങിയപ്പോൾ ഒരാൾ അതുവഴി വന്നു. അയാൾ കാസിമിനോട് ചോദിച്ചു. ഈ വഴി എങ്ങോട്ട് ആണ്. അയാൾ ഈ വഴിയേ പോയി കൊട്ടാരത്തിൽ എത്തുമോ എന്ന് കാസിം പേടിച്ചു. അപ്പോൾ കാസിം വേഗം മോതിരത്തോടുപറഞ്ഞ് വഴി മായിച്ചു കളഞ്ഞു. അപ്പോൾ ആണ് അവൻ ഓർത്തത് രണ്ട് ആഗ്രഹങ്ങളും കഴിഞ്ഞല്ലോ എന്ന്. അങ്ങനെ അത്യാഗ്രഹം മൂലം ഉള്ള സൗഭാഗ്യം കൂടി നഷ്ടമായി.

BY. ASHIRVADH AJEESH
CLASS 9B



# കിങ്ങിണി തത്തയും കുഞ്ഞിക്കുരുവിയും

ഒരു നാട്ടിൽ ആൽമരത്തിൽ കിങ്ങിണി എന്നു പേരുള്ള തത്ത താമസിച്ചിരുന്നു. ഒരു ദിവസം അവിടെ കൂടുണ്ടാക്കാൻ കുഞ്ഞിക്കുരുവി വന്നു. അങ്ങനെയിരിക്കെ കൂടുണ്ടാക്കികൊണ്ടിരുന്നപ്പോൾ കുഞ്ഞിക്കുരുവി താഴെ വീണു. അപ്പോൾ കിങ്ങിണിതത്ത അവളെ കൊണ്ടുപോയി അവളുടെ വീട്ടിൽ താമസിപ്പിച്ചു. കിങ്ങിണി തത്തയോട് നന്ദി പറഞ്ഞ് അവൾ പോയി. അവൾ മറ്റൊരു



ബലമുള്ള വീട് ഉണ്ടാക്കി. ഒരിക്കൽ അവിടെ പേമാരിയും വലിയ കാറ്റും ഉണ്ടായി. അപ്പോൾ കിങ്ങിണിതത്തയുടെ കൂട് താഴെ വീണു.കുഞ്ഞി കുരുവി കിങ്ങിണിതത്തയെ അവളുടെ വീട്ടിലേക്ക് സ്വാഗതം ചെയ്തു. അവളുടെ കൂട്ടിലെ ഇളം ചൂടിൽ അവർ താമസിച്ചു. അപ്പോൾ കിങ്ങിണി തത്ത മനസ്സിൽ ഓർത്തു. അന്ന് അവൾക്ക് ഞാനീ ചെയ്തതിന്റെ ഫലമായാണല്ലോ അവൾ എന്നെ രക്ഷിച്ചത്. അത് ഓർത്തവൾ കരഞ്ഞു.

ഗുണപാഠം: നന്മയ്ക്കു ഫലം നന്മ തന്നെ



Adwaidh Padmakumar 5B

# പച്ചക്കറിക്കാരിയുടെ സ്വപ്നങ്ങൾ

പച്ചക്കറി വാങ്ങുന്നില്ലേ? നല്ല ഫ്രഷായിരിക്കുന്ന പച്ചക്കറി വാങ്ങിക്കോള്ളൂ. നല്ല ചുവന്ന തക്കാളി.നല്ല ജൈവ പച്ചക്കറികൾ വാങ്ങൂ. മീര തന്റെ പച്ചക്കറികൾ എല്ലായിടത്തും ചുറ്റിക്കറങ്ങി വിറ്റുകൊണ്ടിരുന്നു. ദിവസവും ഗ്രാമം ചുറ്റിക്കറങ്ങി വരുമ്പോൾ അവൾ എപ്പോഴും ഒരു മനോഹരമായ ഒരു പച്ചക്കറിത്തോട്ടം കാണാറുണ്ടായിരുന്നു. ഒരുപാട് വർഷങ്ങളായി ഞാൻ ഈ പച്ചക്കറിത്തോട്ടം കണ്ടുകൊണ്ടേയിരിക്കുന്നു. മീര ആ പച്ചക്കറിത്തോട്ടം വാങ്ങാൻ ആഗ്രഹിച്ചിരുന്നു. ആ സ്ഥലത്ത് അവൾ തന്നെ സ്വയം പച്ചക്കറി നടാൻ ആഗ്രഹിച്ചു. പക്ഷേ അവളുടെ സാഹചര്യങ്ങൾ അതിനനുവദിച്ചില്ല. മീരയ്ക്ക് ഒരു മകനുണ്ടായിരുന്നു. അവനെ നന്നായി വളർത്തേണ്ട ചുമതല മീരയുടേതായിരുന്നു. കാരണം അവളുടെ ഭർത്താവ് കുറച്ച് വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയി. ഒരു ദിവസം എന്തു സംഭവിച്ചെന്നോ? പച്ചക്കറി വാങ്ങുന്നില്ലേ? നല്ല ഫ്രഷ് ആയിരിക്കുന്ന പച്ചക്കറി വാങ്ങിക്കോള്ളൂ. നല്ല ചുവന്ന തക്കാളി, നല്ല ജൈവ പച്ചക്കറികൾ വാങ്ങൂ. ഇങ്ങനെ മീര നാട്ടുകാരോട് പറഞ്ഞു നടന്നപ്പോൾ അവളുടെ മുൻപിലേക്ക് നെയ്യ് വിൽക്കുന്ന വിമല വന്നു. എങ്ങനെയുണ്ട് മീരാ നിനക്ക് സുഖമല്ലേ? അതേ വിമല എനിക്ക് സുഖമാണ്. നീ ഒരു കാര്യം അറിഞ്ഞോ? എന്താ? ഈ പച്ചക്കറി തോട്ടം ഇതിന്റെ ഉടമ ഇത് വിൽക്കാൻ പോകുവാണ്. ഇതു കേട്ടതും മീര നേരെ പച്ചക്കറിത്തോട്ടത്തിന്റെ ഉടമയായ ഈശോയുടെ അടുത്ത് ചെന്നു. അവൾ ആ പച്ചക്കറിത്തോട്ടം വാങ്ങാൻ തീരുമാനിച്ചു. ഈശോ പറഞ്ഞു 500 സ്വർണ നാണയങ്ങൾ കിട്ടാതെ ഞാനീ തോട്ടം വിൽക്കുന്നില്ല. അപ്പോൾ മീര പറഞ്ഞു. എന്റെ കൈയ്യിൽ 200 കാശേയുള്ളൂ. എന്റെ കൈയില്ലുള്ള 200 കാശ് തരുകയാണെങ്കിൽ അടുത്ത നാല് മാസം കൊണ്ട് ബാക്കി കാശ് തന്നു തീർത്തുക്കൊള്ളാം. അയാൾ സമ്മതിച്ചു. അന്നുമുതൽ ആ തോട്ടത്തിൽ ഒഴിഞ്ഞുകിടന്ന സ്ഥലത്ത് പൂക്കളും നട്ടുപ്പിടിപ്പിച്ചു. അതിനു ശേഷം അവൾ നല്ലതു പോലെ പ്രയത്നിച്ചു. രാവിലെ പച്ചക്കറിയും വൈകുന്നേരം പൂവും പലഹാരങ്ങളും വിറ്റു. അങ്ങനെ അവൾ സമ്പാദിച്ച് ബാക്കി കാശും കൊടുത്ത് ആ തോട്ടത്തിന്റെ അവകാശിയായി. അങ്ങനെ സമ്പാദിച്ച് മീര വലിയ പണക്കാരിയായി. മീരയുടെ മകന് വലിയൊരു സ്കൂളിൽ പഠിക്കാൻ അവസരം കിട്ടി. അങ്ങനെ അവരുടെ ജീവിതം സന്തോഷപൂർണമായി. മീരയുടെ കഥയിൽനിന്ന് നമ്മൾ മനസ്സിലാക്കേണ്ട കാര്യം : അധ്വാനിച്ചാൽ എന്തും നേടാം.



ANANYA SHIBU 6 B



# കവിത

# <u>മഹാപ്രളയം</u>



പ്രളയം......മഹാപ്രളയം......
മനുഷ്യനെ നശിപ്പിച്ച പ്രളയം.....
പുഴയും,വയലും,പറമ്പുംനിറഞ്ഞ്
എല്ലാം തകർന്നുപോയ് മനുഷ്യർ-
പ്രവർത്തിമൂൽ. ജലം താണ്ഡവ-
മാടീടുമ്പോൾ ഭൂമിയുടെ ശാപം
പ്രകൃതിയെ ചൂഷണം ചെയ്ത-
മനുഷ്യന് ദൈവം നൽകിയ ശിക്ഷ.
പുഴകൾ കൈയ്യേറി ഫ്ളാറ്റുകൾ-
ഉയർന്നപ്പോൾ ജലം താഴാൻ ഇടം
ഇല്ലാതെ....ഒഴുകുന്നു പുഴയും,
വയലും,പറമ്പും നിറഞ്ഞു പ്രളയത്തിൽ
ഭീകരഭാവങ്ങൾ നൽകുന്ന ദുരിതത്താൽ
പേറുന്ന രാവുകൾ മനുഷ്യന്റെ പ്രവർത്തി-
കൊണ്ട് മുങ്ങി മഹാപ്രളയത്തിൽ...
പ്രളയം......മഹാപ്രളയം.......
മനുഷ്യനെ നശിപ്പിച്ച പ്രളയം......

By Sreehari A. B

5 B



# കവിത

# ക്രിസ്തുമസ്

മഞ്ഞുമാസം വന്നിതാ.....
കുഞ്ഞുപ്പൂക്കൾ പൂക്കുന്നേ
അന്തിവെളുപ്പിന് കുഞ്ഞുപ്പൂ
ക്കൾ
പൂക്കുന്നേ...



ക്രിസ്തുമസ് പാപ്പാമാരും കു
ട്ടികളും
ഓടിയെത്തി വീട്ടിൽ ക്രിസ്തു
മസ്
ആഘോഷിക്കാൻ.....

Happy Happy Happy
Merry Merry Merry

Wish You A Happy Christmas
Wish You A Happy Christmas

By Ananya Shibu

6 B



# കവിത

## സൂര്യകാന്തി.....



എന്റെ സൂര്യകാന്തി പൂവേ......
സൂര്യ നിറം നിന്നെ തഴുകുന്നു....

സൂര്യൻ ഉയരുമ്പോൾ നീ ഉയരുന്നു
എന്നാൽ സൂര്യൻ താഴുമ്പോൾ നീ താഴുന്നു....

മഞ്ഞ നിറമുള്ള ഇതളുകൾ ഞങ്ങളെ
ആകർഷിക്കുന്നു.....

എല്ലാ പൂവിനെക്കാളും മനോഹരമാണു
നീ.......

കാറ്റിലാടുമ്പോൾ നീ കൂടുതൽ ഭംഗി
നിറയുന്നു....

ആ കാറ്റിലാടുന്ന അഴക് എന്നെയും
എന്റെ മനസ്സിനെയും സന്തോഷം വിടർത്തുന്നു......

By Parvathi P. R

7 A



# ഇലക്ട്രിക്ക് വാഹനങ്ങൾ

ഇലക്ട്രിക്ക് വെഹിക്കിൾ എന്നതിന്റെ ചുരുക്കെഴുത്താണ് (EV).
ഫോസിൽ ഇന്ധനങ്ങൾക്കുപകരം വൈദ്യുതി ഇന്ധനമാക്കി ഓടുന്ന
ഈ വാഹനങ്ങളിൽ ട്രെയിനുകളും,ബോട്ടുകളും, വിമാനങ്ങളും
ഉൾപ്പെടുമെങ്കിലും റോഡിലോടുന്ന വാഹനങ്ങളെയാണ് പൊതുവെ
ഇ വി വാഹനങ്ങള എന്ന് വിശേഷിപ്പിക്കുന്നത്. വ്യക്തിക്കും, സമൂ
ഹത്തിനും, പരിസ്ഥിതിക്കും ഏറെ ഗുണകരമാണ് ഈ വാഹനങ്ങൾ.
ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഇത്തരം ഇന്ധനങ്ങൾ
വൻതോതിൽ ഇറക്കുമതിയിനത്തിൽ ദിവസവും കോടിക്കണക്കിന് ര
ൂപയുടെ ലാഭമുണ്ടാക്കും. ഫോസിൽ ഇന്ധനങ്ങൾ കത്തുന്നതിലൂ



ടെ അന്തരീക്ഷത്തിലെ കാർബണിന്റെ അളവ്
മാരകമായ അളവിൽ കൂടുകയും അത്
ആഗോളതാപനത്തിന് വലിയൊരളവിൽ
കാരണമാവുകയും ചെയ്യുന്നു. വേരിനുപോലും
പുക പുറത്തുവിടാതെ വൈദ്യു
തിവാഹനങ്ങളിലേക്ക് മാറുന്നതിലൂടെ
അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയ്ക്കാം. 20ാം നൂറ്റാണ്ടിന്റെ
തുടക്കത്തിൽ ലോകത്തിലുണ്ടായിരു
ന്ന വൈദ്യുത കാറുകളുടെ എണ്ണം
30,000! എന്നാൽ, അന്നേ അവയ്ക്ക്
ചില പോരായ്മകളുണ്ടായിരുന്നു.
ഉയർന്ന വില,കുറഞ്ഞ വേഗം,കു
റഞ്ഞ സമയത്തേക്കു മാത്രം ചാർജ്




നിൽക്കുന്ന ബാറ്ററി എന്നിവയായിരുന്നു അവയിൽ പ്രധാനം. പ്രധാനമായും രണ്ടുതരം വൈദ്യുത വാഹനങ്ങളാണ് ഇന്ന് വിപണിയിലുള്ളത്. വൈദ്യുത മോട്ടോർ മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാണ് ഇവയിൽ ഒന്ന്. എന്നാൽ, വൈദ്യു തിക്കൊപ്പം മറ്റ് ഇന്ധനങ്ങളും ഉപയോഗിക്കുന്ന വാഹനങ്ങളുണ്ട്. സങ്കരയനം വാഹനങ്ങള എന്നാണ് ഇവയെ വിളിക്കുക. വൈദ്യുത മോട്ടോറിനൊപ്പം ആന്തര ദഹന എൻജിൻ പിടിപ്പിച്ച വാഹനങ്ങളാണിവ. ഇന്ത്യയിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഇഷ് ടപ്പെട്ട വാഹനമാണ് ഇരുചക്ര വാഹനങ്ങൾ. 17 കോടി ഇരുചക്ര വാഹനങ്ങളാണ് ഇപ്പോൾ രാജ്യത്തുള്ളത്. ഇവ ഓരോ ന്നും അരലിറ്റർ പെട്രോൾ ദിവസവും ഉപയോഗിച്ചാൽ ആകെ പെട്രോൾ ഉപയോഗം 8.5 ലിറ്റർ വരും! ഇത്രയും പെട്രോൾ ലാഭിക്കു മ്പോൾ കിട്ടുന്ന തുകയാണിത് . ഇത് ഇരുചക്ര വാഹനങ്ങളുഇലക്ട്രിക്ക് വെഹിക്കിൾ എന്നതിന്റെ ചുരുക്കെഴുത്താണ് (EV). ഫോസിൽ ഇന്ധനങ്ങൾക്കുപകരം വൈദ്യുതി ഇന്ധനമാക്കി ഓടുന്ന ഈ വാഹനങ്ങളിൽ ട്രെയിനുകളും,ബോട്ടുകളും, വിമാനങ്ങളും ഉൾപ്പെടു മെങ്കിലും റോഡിലോടുന്ന വാഹനങ്ങളെയാണ് പൊതുവെ ഇ വി വാഹനങ്ങള എന്ന് വിശേഷിപ്പിക്കുന്നത്. വ്യക്തിക്കും, സമൂഹത്തിന ും, പരിസ്ഥിതിക്കും ഏറെ ഗുണകരമാണ് ഈ വാഹനങ്ങൾ. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഇത്തരം ഇന്ധനങ്ങൾ വൻതോതിൽ ഇറക്കുമതിയിനത്തിൽ ദിവസവും കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കും. ഫോസിൽ ഇന്ധനങ്ങൾ കത്തുന്നതിലൂടെ അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് മാരകമായ അളവിൽ കൂടു കയും അത് ആഗോളതാപനത്തിന് വലിയൊരളവിൽ കാരണമാവു കയും ചെയ്യുന്നു. വേരിനുപോലും പുക പുറത്തുവിടാതെ വൈദ്യു തിവാഹനങ്ങളിലേക്ക് മാറുന്നതിലൂടെ അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയ്ക്കാം. 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകത്തിലു ണ്ടായിരുന്ന വൈദ്യുത കാറുകളുടെ എണ്ണം 30,000! എന്നാൽ, അന്നേ അവയ്ക്ക് ചില പോരായ്മകളുണ്ടായിരുന്നു. ഉയർന്ന വില,കുറഞ്ഞ

വേഗം,കുറഞ്ഞ സമയത്തേക്കു മാത്രം ചാർജ് നിൽക്കുന്ന ബാറ്ററി എന്നിവയായിരുന്നു അവയിൽ പ്രധാനം. പ്രധാനമായും രണ്ടുതരം വൈദ്യുത വാഹനങ്ങളാണ് ഇന്ന് വിപണിയിലുള്ളത്. വൈദ്യുത മോട്ടോർ മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാണ് ഇവയിൽ ഒന്ന്. എന്നാൽ, വൈദ്യുതിക്കൊപ്പം മറ്റ് ഇന്ധനങ്ങളും ഉപയോഗിക്കുന്ന വാഹനങ്ങളുണ്ട്. സങ്കരയനം വാഹനങ്ങള എന്നാണ് ഇവയെ വിളിക്കുക. വൈദ്യുത മോട്ടോറിനൊപ്പം ആന്തര ടെ മാത്രം കണക്കാണ്. ഇന്ത്യൻ നിരത്തുകളിൽ ഓടുന്ന മറ്റു വാഹനങ്ങൾ കൂടി വൈദ്യുതീകരിച്ചാൽ കിട്ടുന്ന ലാഭം ഇതിന്റെ പല മടങ്ങായിരിക്കും. ഇലക്ട്രിക്ക് വാഹനം രാജ്യത്തിൽ ധാരാളമായി വന്നാൽ ഇപ്പോഴത്തെ ഇന്ധന പമ്പുകൾ പോലെ ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടാകും. നാളെയുടെ വാഹനങ്ങൾ എന്നാണ് ഇലക്ട്രിക്ക് വാഹനങ്ങൾ അറിയപ്പെടുന്നത്.

Akhil Jayan

9 A



## കവിത

# മഴമുത്തുകൾ



മാനത്തുണ്ടൊരു
കാർമേഘം
ഓടിനടന്നു കാർമേഘം
ചന്നം പിന്നം ചിതറുന്നു
മണിമുത്തായ് പൊഴിയു
ന്നു.

പുഴയും തോടും കാട്ടാറും
പാടവരമ്പും വയലുകളും
നിറയുന്നേ കര കവിയുന്നേ
മാക്രിക്കൂട്ടം കരയുന്നേ...

Neeraj P. V

7 A



## കവിത

# വരവേൽക്കാം



തുമ്പികളേ വരൂ കളിയാടാൻ

തുമ്പതണലിൽ കളിയാടാൻ

ഇമ്പമെഴുന്നൊരി താഴ്‌വരയിൽ

ഇത്തിരി നേരമിരുന്നീടാൻ

സ്വപ്ന ചിറകുകളാൽ ഞാനും

നിങ്ങളോടൊപ്പം പാറീടാൻ

പുതുവർഷതേരണയുമ്പോൾ

പുളകത്തോടെ വരവേൽക്കാം...

Neeraj P.V

7 A



# കവിത

## വാ വാ നിലാവേ...



വാ വാ നിലാവേ  കുളിർ
നിലാവേ..
വാടിയിലോടിവാ പൂ
നിലാവേ...
കുഞ്ഞിളം കാറ്റിൽ
വിമാനമേറി
കൊഞ്ചിക്കുഴഞ്ഞ് നീ വാ
നിലാവേ...
ഇല്ലിമുളം കാടും പാടുമോമൽ
പുല്ലാങ്കുഴൽപ്പാട്ടു കേൾക്കുവാൻ വാ..
തുള്ളികളിച്ചു തേനുണ്ണുവാൻ വാ....

Neeraj P.V

7  A



# കുട്ടിക്കവിത

## എന്റെ ഗുരുനാഥന്

ഇരുൾ മാഞ്ഞു എന്നിലെ
ഇരുണ്ട യാമങ്ങളിൽ നിന്ന്
അകലേക്ക് മറയുന്നിതാ.....

അറിവിന്റെ വേരുകൾ
നിറയും എന്നിൽ
നിറദീപമായിരുന്നു ഞാൻ...

തിരിനാളം തെളിയിച്ച
ഗുരുനാഥൻ മുമ്പിൽ
പ്രാണമിപ്പൂ തൊഴുകൈകളുമായ്

അകതാരിലർപ്പണം
പുഷ്പങ്ങളാൽ
കൈകൂപ്പി നിൽക്കുന്നു ഞാൻ........

Neeraj P.V

7 A



## ലേഖനം

# ആചാരമര്യാദകൾ ജീവിതത്തിൽ

മാന്യമായ പെരുമാറ്റവും മാന്യമായ സംസാരരീതിയും ആർക്കും സന്തോഷം ജനിപ്പിക്കുന്നതും ആരാലും ആകർഷിക്കപ്പെടുന്നതുമാണ്. മാന്യതയും മര്യാദയും ഒരുവനിൽ ഒറ്റ ദിവസംകൊണ്ട് ഉണ്ടാകുന്നതല്ല. ഒരാൾ ജീവിത മര്യാദകൾ ആദ്യമായി പഠിക്കേണ്ടത് അയാളുടെ കുടുംബത്തിൽനിന്നാണ്. അതു പഠിപ്പിക്കുന്ന ഗുരുഭൂതൻമാർ അയാളുടെ മാതാപിതാക്കൻമാരുമാണ്. അടുത്ത തലമുറയ്ക്ക് ആചാരമര്യാദകൾ പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്വം കുടുംബത്തിലെ മുതിർന്നവർക്കുണ്ട് എന്ന വസ്തുത മറക്കാൻ പാടില്ല.
ആചാരമര്യാദകൾ പാലിച്ചു ജീവിക്കുക എന്നത് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ആഘോഷമാണ്. നമുക്ക് ഇഷ്ടമല്ലാത്ത പെരുമാറ്റം നാം മറ്റുള്ളവരോടും ചെയ്യാതിരിക്കുക എന്നത് ഒരു സാമാന്യനീതിയാണ്. ആചാരമര്യാദയോടെ സംസാരിക്കുകയും പെരുമാറുകയും ചെയ്യുമ്പോൾ നമുക്ക് സാമൂഹികചുമതലയെക്കുറിച്ചും പൗരധർമത്തെക്കുറിച്ചും തിരിച്ചറിവ് ഉണ്ടാകുവാനും ആചാര്യമര്യാദകളാകുന്ന മുഖകണ്ണാടിയിലൂടെ നമ്മുടെ സ്വാർത്ഥത നിറഞ്ഞ ശീലങ്ങളും മറ്റു ദുശീലങ്ങളും സ്വയം തിരുത്തുവാനും മാന്യമായ വ്യക്തിത്വം വളർത്തിയെടുക്കുവാനും സാധിക്കുന്നു.

Neeraj P.V
7 A



# കവിത

## കേരളവും പ്രകൃതിയും




കേരളമെന്ന സു
ന്ദരനാടിനു
പ്രകൃതി കനിഞ്ഞൊരു
ങ്ങി
നൽകുന്നതൊക്കെയും
നാം
നശിപ്പിക്കുകയായ്,
ദൈവം
നൽകിയ പ്രകൃതി നമു
ക്കായ്
പലതും വീണ്ടും നൽകി നാം അത്
ആവശ്യത്തിലേറെ ഉപയോഗിച്ചു-
കൊണ്ടുതന്നെ അതിനെ നശിപ്പിച്ചു.

അങ്ങനെ കാലങ്ങൾ കടന്നു.
പ്രകൃതി പ്രതികരണം തുടങ്ങി.
നൽകിയതിനൊക്കെയും.
ശിക്ഷയുടെ രൂപത്തിൽ നൽകി.
കേരളനാട്ടിൻ മനോഹാര്യത നശിക്കുന്നു.
പാടില്ല നാം ഇങ്ങനെയിനി, പാടില്ല.
പ്രകൃതിയെ സ്നേഹിച്ചു കേരളത്തെ പഴയപോലെ
മാറ്റാൻ നമുക്ക് സാധിക്കും
പ്രകൃതിയെ പഴയതുപോലെയാക്കണം...



Amrutha Vijay
7A

# കവിത

## വിലാപം




ഒരു പൂങ്കുയിലിന്റെ പാട്ടൊന്നു
കേൾക്കാൻ
പുലർവേളയൊന്നു കൊതിച്ചു.
ഒരു ചില്ലയൊന്നു തഴു
കിത്തലോടാൻ
തളിരിളം കാറ്റു കൊതിച്ചു.

ഒരു കുഞ്ഞു പൂവിന്റെ മധു
വൊന്നു നുകരാൻ
പൂമ്പാറ്റയൊന്നു കൊതിച്ചു.
ഒരു ചേറുചോലയിൽ നീന്തിതുടിക്കാൻ
ഒരു കുഞ്ഞു മീനും കൊതിച്ചു.

വെയിൽ ചാഞ്ഞു പകലിന്റെ ആർദ്രമാം മിഴികളിൽ
അലിവോടെ നോക്കിയാ സന്ധ്യചൊല്ലി
ഇനിയെത്ര പകലുകൾ പൂവില്ലാ, പുഴയില്ലാ
ഒരു മരച്ചില്ലയിലും കിളിയുമില്ല....

ഇനിയെത്ര രാവുകൾ കുളിരില്ല, മഴയില്ല
രാക്കിളിപ്പാട്ടില്ല
പാതിരാപ്പൂമണം കാറ്റിലില്ല
നറു പാതിരാപ്പൂമണം കാറ്റിലില്ലലോ....



Neeraj P.V
7 A

# കഥ

## എണ്ണത്തിലല്ല കാര്യം

പണ്ട് പണ്ട് ഒരിക്കൽ ഒരു കാട്ടിൽ കണക്കെടുപ്പ് നടക്കുകയായിരുന്നു. ആർക്കാണ് ഏറ്റവും കൂടുതൽ കുട്ടികൾ എന്നറിയുകയായിരുന്ന ു ലക്ഷ്യം ഓരോരുത്തർക്കും ഉള്ള കുട്ടികളുടെ എണ്ണം കണക്കെടുപ്പുകാർ ശേഖരിച്ചു.

പലർക്കും വലിയ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. പത്തും പതിനഞ്ചും ഇരുപതും ഒക്കെ കുട്ടികൾ സാധാരണമായിരുന്നു. ചിലർക്കൊക്കെ ഒരു പ്രസവത്തിൽ തന്നെ നിരവധി കുട്ടികൾ ഉണ്ടായിരുന്നു. അവസാനം കണക്കെടുപ്പു സംഘം ഒരു സിംഹത്തിന്റെ അടുത്തെത്തി. തിരുമേനി അവിടുത്തേക്ക് എത്ര കുട്ടികളുണ്ട്? ഒന്ന് സിംഹം മറുപടി പറഞ്ഞു. എന്ത് ഒരെണ്ണം മാത്രമോ? വിശ്വസിക്കാൻ വയ്യ

അതെ സിംഹം ഗൗരവത്തിൽ മറുപടി പറഞ്ഞു. പക്ഷേ അതൊരു സിംഹമാണ്

കണക്കെടുപ്പുകാർ പിന്നെ ഒന്നും മിണ്ടിയില്ല.



Adonis Thomas
9 A

**ലേഖനം**

# പാലാക്കാരുടെ സ്വകാര്യ അഹങ്കാരം.... മാണിസാർ....




കേരളത്തിന്റെ രാഷ്ട്രചരിത്രത്തിൽ ഒരിക്കലും വഴുതി വീഴാതെ സഞ്ചരിച്ച കെ എം മാണി മലയാളികൾക്ക് മാണിസാറാണ്. എതിർപ്പുകളുടെ തിരമാലകളെ സ്വന്തം വ്യക്തി പ്രഭാവം കൊണ്ട് മറികടന്നയാൾ സംഭവബഹുലമായ അകാലം അസ്തമിച്ചു. ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്നു. അദ്ദേഹം 2019 ഏപ്രിൽ 9 ന് വൈകിട്ട് 4.57 ന് എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ വച്ച് അന്തരിച്ചു. കെ എം മാണി എന്ന രാഷ്ട്രീയ അതികായകന് മലയാളികൾ നൽകിയത് കേരളം കണ്ടതിൽ വെച്ച് ഏറ്റവും വലിയ സ്നേഹോഷ്മളവും വികാര നിർഭരവുമായ യാത്രാമൊഴിയായിരുന്നു. രാഷ്ട്രീയ ജാതി-മത ഭേദമില്ലാതെ മാണി സാറിന്റെ മുഖം അവസാനമായൊന്നു കാണാൻ വഴിയോരങ്ങളിൽ സ്ത്രീ- പുരുഷ ഭേദമന്യേ പതിനായിരങ്ങൾ കാത്തു നിന്നു. ചുട്ടുപൊള്ളുന്ന കനൽ ചൂടിനെ വകവയ്ക്കാതെ കാത്തു നിന്നവരുടെ കണ്ണീർതുള്ളികൾക്ക് നടുവിലായിരുന്നു മാണിസാർ.

കേരള രാഷ്ട്രീയത്തിന്റെ പൂമുഖത്ത് ഇനി മാണിസാറില്ല. പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ അദ്ദേഹത്തിന് അന്ത്യശുശ്രൂഷകൾ നൽകി. അന്ത്യാഞ്ജലിഅർപ്പിക്കാനെത്തിയ പ്രവർത്തകരുടെ മുദ്രാവാക്യമായ മാണിസാറിന് മരണമില്ല ഞങ്ങളിലൂടെ അദ്ദേഹം ജീവിക്കും എന്നീ മുദ്രാവാക്യം നമുക്ക് ഏറ്റുചൊല്ലാം.കേരളത്തിലെ മുതിർന്ന നേതാവെന്ന സ്ഥാനവും ഭരണരംഗത്ത് ഏറെ അനുഭവസമ്പത്തും കൈമുതലായി ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിന് ഏറെ അകലെയായിരുന്നു മുഖ്യമന്ത്രി സ്ഥാനം. 2016-ലെ ബാർകോഴ കേസ് മുഖ്യമന്ത്രി പദവിയും കേന്ദ്ര മന്ത്രി സ്ഥാനവും അദ്ദേഹത്തിന് കൈയ്യെത്തും ദൂരത്ത് നിന്ന് അകറ്റിവിട്ടു. എന്നിരുന്നാലും കേരളത്തിലെ സാധാരണ ജനവിഭാഗങ്ങളെ സ്വാധീനിക്കുന്ന നിരവധി ഭരണ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയ രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം എന്നത് എന്നും സ്മരിക്കപ്പെടും. അവയിൽ എടുത്ത് പറയേണ്ടവയാണ് ചെറുകിട കാർഷിക നികുതിഭാരം എടുത്തുകളഞ്ഞതും, കർഷക തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയതും കാരുണ്യ ലോട്ടറി ഏർപ്പെടുത്തിയതുമൊക്കെ. 1933 ജനുവരി 30-ന് കോട്ടയം മരങ്ങാട്ടുപ്പള്ളി കരിങ്ങോഴയ്ക്കൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും മകനായി ജനിച്ച അദ്ദേഹം മദ്രാസ് ലോ കോളേജിൽ നിന്ന് നിയമബിരുദം നേടി. കോഴിക്കോട് പ്രാക്ടീസ് തുടങ്ങി അഭിഭാഷകനായിട്ടായിരുന്നു മാണി സാറിന്റെ തുടക്കം. പ്രശസ്ത അഭിഭാഷകനും ഹൈക്കോടതി ജഡ്ജിയുമായിരുന്ന പി ഗോവിന്ദമേനോന്റെ കീഴിലാണ് പ്രാക്ടീസ് തുടങ്ങിയത്. നിയമത്തിന്റെ ഊരാക്കുടുക്കുകൾ അഴിച്ചു മാറ്റാനുള്ള മാണിയുടെ പരിശീലനം അവിടെ തുടങ്ങി. രാഷ്ട്രീയത്തിലേക്കുള്ള മാണി സാറിന്റെ രംഗപ്രവേശനം
തുടങ്ങിയതും കോഴിക്കോടു വച്ചു തന്നെയാണ്.
പിന്നീട് കോഴിക്കോടിനോട് വിടപറഞ്ഞ് സ്വദേശമായ പാലായിലേക്ക് മടങ്ങി. വളരെ എളിയ ജീവിതമാണ് അക്കാലത്ത് അദ്ദേഹം നയിച്ചിരുന്നത്. മരങ്ങാട്ടുപ്പള്ളിയിൽ നിന്ന് പാലായിലേക്ക് പോകുന്ന SMS

സ്വകാര്യ ബസ്സും, അന്നു കിട്ടിയ വക്കീൽ ഫീസുമാണ് അദ്ദേഹത്തിനെ ഭക്ഷണം തന്ന് രാഷ്ട്രീയക്കാരനാക്കിയതെന്ന് അദ്ദേഹം പറയുന്നു. മാണിസാറിന്റെ വളർച്ചയ്ക്കും തളർച്ചയ്ക്കും എന്നും കൂടെയുണ്ടായിരുന്നത് ഭാര്യ കുട്ടിയമ്മ എന്ന അന്നമ്മയായിരുന്നു. ഏതു യാത്ര പോകുന്നതിന് മുമ്പും ഭാര്യയുടെ കൈയിൽ പ്രാർത്ഥനയോടെ ചുംബിക്കുന്ന ഒരു ഭർത്താവുമായിരുന്നു മാണിസാർ. മാണിസാർ പറയുന്നത് തനിക്ക് രണ്ടു ഭാര്യയാണ് ഉള്ളത് ഒന്ന് സ്വകാര്യ ജീവിതത്തിലെ കുട്ടിയമ്മയും മറ്റൊന്ന് രാഷ്ട്രീയ ജീവിതത്തിലെ പാലായും.

ഒരു മണ്ഡലത്തെ ഏറ്റവുമധിക കാലം പ്രതിനിധാനം ചെയ്ത ജനപ്രതിനിധിയായിരുന്നു അദ്ദേഹം 1975-2015 വരെയുള്ള കാലയളവിൽ 24 വർഷക്കാലം ധനകാര്യം, ആഭ്യന്തരം,നിയമം, ജലസേചനം, റവന്യൂ, വൈദ്യുതി, തുറമുഖം, നഗരവികസനം, ഭവനനിർമാണം, ഇൻഫർമേഷൻ തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്തു. നിയമസഭാചരിത്രത്തിൽ മറ്റാർക്കും അവകാശപ്പെടാനില്ലാതെ റെക്കോഡുള്ള നേതാവായിരുന്നു അദ്ദേഹം. 54 വർഷത്തോളം നിയമസഭാംഗമായി പാലാക്കാരുടെ പ്രതിനിധിയായി, ഒരേ മണ്ഡലത്തിൽ നിന്ന് 13 തവണ ജയിച്ചു. ഇങ്ങനെ ഒരുപാട് റെക്കോഡുകൾ. പ്രത്യയ ശാസ്ത്രങ്ങളെ അനുഗമിക്കുന്നതിനു പകരം സ്വന്തമായി ഒരു പ്രത്യയ ശാസ്ത്രം രൂപപ്പെടുത്തി രാഷ്ട്രീയത്തിൽ സാന്നിദ്ധ്യം ഉറപ്പിച്ച ആളാണ് മാണിസാർ. കേരള നിയമസഭയുടെ സൂര്യ തേജ്ജസായിരുന്നു അദ്ദേഹം. ഇനിയില്ല.

പ്രിയ മാണിസാർ. താങ്കൾ കൺമറഞ്ഞു പോയാലും ഞങ്ങൾക്കിടയിൽ അങ്ങു തന്ന സൗഹൃദവും സ്നേഹവും ഒരുപാട് ഓർമ്മകളായി അവശേഷിക്കും.....



Sarath Chandra Saji 9 A

# ക്വിസ്

1. കൂട് ഉണ്ടാക്കുന്ന ലോകത്തിലെ ഒരേ ഒരു പാമ്പ് ?

- രാജവെമ്പാല

2. കാൽ പാദത്തിൽ വെച്ച് മുട്ട വിരിയിക്കുന്ന പക്ഷി ?

- പെൻഗ്വിൻ

3.വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന പേശി ?

- ഹൃദയ പേശി

4.കരയിലെ ഏറ്റവും താഴ്ന്ന ഭാഗം?

- ചാവുകടൽ

5.ഏഷ്യയുടെ കവാടം എന്നറിയപ്പെടുന്ന രാജ്യം?

-ഫിലിപ്പൈൻസ്

6.രവീന്ദ്ര നാഥ ടാഗോറിന് നോബേൽ സമ്മാനം നേടി കൊടുത്ത കൃതി?

- ഗീതാഞ്ജലി

7.രാഷ്ട്ര പിതാവ് എന്ന് ഗാന്ധിജിയെ വിശേഷിപ്പിച്ചതാര്?

- സുഭാഷ് ചന്ദ്ര ബോസ്

8.ഇന്ത്യയുടെ ധാതു കലവറ എന്നറിയപ്പെടുന്ന സംസ്ഥാനം?

- ജാർഖണ്ഡ്

9.സാരെ ജഹാംസെ അഛാ എന്ന ദേശഭക്തിഗാനം രചിച്ചതാര്?

- മുഹമ്മദ് ഇക്ബാൽ

10.ഏറ്റവും കടുപ്പമുള്ള വസ്തുക്കളെ മുറിക്കാൻ കഴിവുള്ള രശ്മി?

- ലേസർ

11.ഏറ്റവും ആദ്യം കണ്ടുപിടിക്കപ്പെട്ട ആസിഡ്?

- അസറ്റിക്ക് ആസിഡ്

12.കണ്ണിൽ പ്രതിബിംബം രൂപം കൊള്ളുന്ന പാളി?

- റെറ്റിന

13.മുസ്കാറിന എന്ന മാരകവിഷം അടങ്ങിയിട്ടുള്ള കുമിൾ?

- അമാനിറ്റ

14.ഭൂമിയുടെ കാന്ത ശക്തി അനുസരിച്ച് സഞ്ചരിക്കുന്ന ജീവി?

- ഒച്ച്

15.പാലിൽ കൊഴുപ്പിന്റെ അംശം കൂടുതൽ ഉള്ള ജീവി?

- മുയൽ

16.ആദ്യമായി അണുബോമ്പ് ഉപയോഗിച്ച യുദ്ധം?

- രണ്ടാം ലോക മഹായുദ്ധം

17.കരയിലെ ഏറ്റവും ഉയരം കൂടിയ ഭാഗം?

- എവറസ്റ്റ്

18.പുകവലി പൂർണമായും നിരോധിച്ച ആദ്യത്തെ രാജ്യം?

- ഭൂട്ടാൻ

19.നദികളുടെയും കൈവഴികളുടെയും നാട് എന്നറിയപ്പെടുന്ന രാജ്യം?

- ബംഗ്ലാദേശ്

20.ലോകത്തിലെ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള രാജ്യം?

- കാനഡ

21.ചലിക്കുന്ന മഞ്ഞുമലകൾ എന്നറിയപ്പെടുന്നത്?


- ഗ്ലസിയറുകൾ

22.ഗ്ലേസിയറുകളുടെ നാട് എന്നറിയപ്പെടുന്നത്?

- അലാസ്ക്ക

23.ലോകത്തിലെ ഏറ്റവും വലിയ അഗ്നിപർവതം?

- തമു മാസിഫ്



Ashin Sojan 9 A

# ഭൂമിയമ്മയെ ചേർത്തു പിടിക്കാം



വ്യാവസായിക വിപ്ലവത്തിന് മുമ്പ് അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 280 പി. പി. എം ആയിരുന്നത് 2011 അവസാനം 397 പി.പി.എം ആയി വർദ്ധിച്ചു.
അന്തരീക്ഷ താപനിലയിലുള്ള വർധന മഴയുടെ വിതരണക്രമത്തെയും ജലചക്രത്തെയും സാരമായി ബാധിക്കും. വെള്ളപ്പൊക്കം രൂക്ഷമാകും.

ആഗോളതാപനം ഏറ്റവും കൂടുതലായി ബാധിക്കുക ഹിമാലയത്തിലെ മഞ്ഞുമലകളെയാണ്. ഭൂമിയെ ചേർത്ത് പിടിക്കേണ്ടത് നമ്മുടെ കടമയാണ്.

Ashirvadh Ajeesh 9 B



# ഉരുകുന്ന ഭൂമിക്ക് സ്നേഹപൂർവ്വം ഓസോൺ



*സ്ട്രാറ്റോസ്ഫിയർ*

പ്രിയപ്പെട്ട ഭൂമിക്ക് , നിനക്ക് സുഖമാണോ? എങ്ങനെ സുഖമാകാൻ അല്ലേ ? നിന്റെ പൊന്നോമനകളായ മാനവർ ചെയ്യുന്ന ക്രൂരതകൾ കാരണം നീ സഹിക്കെട്ടുകാണുമല്ലേ ? കാർബൺ ഡൈയോക്സൈഡും ,സി.എഫ്. സിയും വന്നു മുഖത്തടിച്ചിട്ട് എനിക്ക് ശ്വാസം മുട്ടുന്നു. നിന്നിലെ ജീവന്റെ തുടിപ്പ് നിലനിർത്താൻ വേണ്ടി മാരകരശ്മികൾ പോലും തടഞ്ഞ്, നിനക്ക് കുടയുമായി ഞാൻ നിൽക്കുന്നില്ലേ ? മനുഷ്യരും മറ്റു ജീവജാലങ്ങളും നിലനിൽക്കുന്നതിനു കാരണം ഞാനല്ലേ? എന്നിട്ടും എന്നെ ഇങ്ങനെ ദ്രോഹിക്കുന്നത് ശരിയാണോ?

എന്റെ പരിഭവങ്ങളും, വേദങ്ങളും ഞാനിവിടെ ആരോട് പറയാനാണ് ? ആരോടെങ്കിലും എന്റെ വിഷമങ്ങൾ പങ്കുവെച്ചില്ലെങ്കിൽ എന്റെ ഹൃദയം പൊട്ടുമെന്ന് ഒരു തോന്നൽ അതൊന്നു കൊണ്ട് മാത്രമാണ് ഞാനിങ്ങനെ ഒരു കത്തെഴുതുന്നത് . എന്നിലെ ഓസോൺ തന്മാത്രകൾ വിഘടിപ്പിക്കുകയും പുനരുത്പ്പാദിപ്പിക്കുകയും ചെയ്യുന്നതു കാരണമാണ് ഓസോൺ തന്മാത്രകളുടെ എണ്ണം കൃത്യമായി നിലനിൽക്കുന്നത് . 1928-ൽ കണ്ടുപിടിച്ച CFC യാണ് എന്റെ ശോഷണത്തിന ും പ്രധാനകാരണം . AC യുടെയും ഫ്രിഡ്ജിന്റെയും ഉപയോഗം കുറച്ച് മരങ്ങൾ നട്ടു പിടിപ്പിച്ച് എന്നെ സംരക്ഷിക്കൂ. ഇതൊരു ആജ്ഞയല്ല, അപേക്ഷയാണ്. നിങ്ങൾക്ക് വേണ്ടി എന്ന് പ്രിയപ്പെട്ട ഓസോൺ പാളി.....



MARIETT TOM
10 A

# 10 IMPORTANT FACTS

1 A sneeze can travel over 100 miles per hour.

2 Brain uses 10 watts of power.

3 Stomach acid is tough enough to dissolve a knife.

4 Hands and feet carry half of body’s bones.

5 A human body contains 60,000 nearly miles of blood vessels.

6 Stomach receives a new lining every 4 day.

7 Pupils can dilate just by sounds.

8 Lungs is the only organ in the human body which can flood in the water and others sink.

9 Every human has a unique smell.

10 Brain uses up about 20% of all you bodies oxygen and calories.

ADITHYASANKAR.G
IX A



# सहयात्री

सूरज की पहलो किरण
लगनेके दिन से
नरम पावे बीना शीतल
कई कुशी समय पल में
साथ हे ।.......
खडे होकर दिल के
दरम में उसकी गुढे जैसे
कोइ घरतीकी गोद में.....
बैठ कर साथी कोई
मैं जानती हूँ ।
वे मरी सहयात्री हैं......



Sreelakshmi Subash
I X A

# प्रकुति


प्रकुति जीवन के असतिव का आधार है । यहाँ नंगी आंखों से न देख सकने वाले छोटे-छोटे सूक्षाजीव से बडे-बडे वहेल आशय पाता है। सच मे हम प्रकुति का गाहक है प्रकुति इस दुनिया का सबसे अचछी सेवा प्रदानकरना है।

जीवन का असिततव का लिये जरूरत चीजौं जैसे खाना, पीना और वायू आदि प्रकुति से मिलते है ।मनुषय, पशु, पक्ष, सछली आदि जीवजालों प्रकुति में ऐक जीवजाल दूसरों से अशय करतें हुऐ जीता है । उदाहरण में : मनुषय और गानवरों ने खाने और प्राणवायु के लिये पेड-पैधे में आशय पाता हैं । बिना कोयि प्रतिफल का प्रतीक्ष और बार-बार मानव से चाट लजन पर भी उसका करतवय निरवहण करता है।

प्रकुति केवल जीवन का सोत नहीँ वे ऐक सुनदर दूरय अनुभव भि हैं । इस प्रकुति में बहुत सारा झरनें, बगीचे, पहाडियों, नदियों हैं । और इस प्रकूतिमें में मोर, हॉनबिल जैसे सुनदर पक्षी और हाथी, भालु, शेर गैसे जानवरो मि है । यह सब जीवजालों आशचयेजानक है । दूनिया सबसे बडी झरने ऐजल जलप्रपात है । भारत में आता है ।

पर अब ये सुनदर प्रकुति वौक्षविक तपमन और मानविक शोषण से नाश हो रहा है । इसका प्रधान कारन लिसिटक जलाना,और इधन वाहन और कारखानों निकलने वाली धुआ भी है । ये सब आगामी पीढी के लिये हानीकारक है । इसलिऐ प्रकुति की सुरक्षा के लिये हमें ये सब रोकना पडेगा ।


Abhinav. S .Krishna
9 A



# കാലവർഷം

ഒരു മഴ ദിവസം
മകം നാളിൽ പിറന്നാൾ
പൊട്ട് തൊടുവിച്ച്
പട്ടുകുപ്പായമുടുപ്പിച്ച്
കുപ്പിവളയും കൊലുസുമുടുപ്പിച്ച്
ഒരു മുത്തശ്ശി
കാത്തുപോന്നവൾ
ഓരോ ചുവട്ടിലും
നൃത്തം വാരി വിതറുന്നവൾ
അമ്മയെന്നു കൊഞ്ചി
വിളിക്കുന്ന വാത്സല്യം

വീണ്ടും ഒരു മഴ ദിവസം
ആഘോഷത്തിന്റെ
ഒരു കുളിരുള്ള രാത്രിയിൽ
തിരികെയെത്താതവൾ
ഇരുളിലെ തിരച്ചിലിൽ
തെരുവിലോരോ ഇടവക്കത്ത്
ചുവന്ന കൈകളിലേക്ക്
വലിച്ചെറിയപ്പെട്ടവൾ
ഏറെ വലിഞ്ഞെരിഞ്ഞ  വാത്സല്യമേ
ഇടവപ്പാതിയായ്
തുലാവർഷമായ് പെയ്തണയൂ......



Adonis Thomas
9 A

# वकत नही

हर खुशी है लोगो के दामन में,
पर ऐक हँसि के लिऐ वकत नहीं

दिन रात दौडती दुनियाँ में
"जिदंगी" के लिऐ वकत नहीं

सारे रि   को तो हम मार चुके
अब उनहें दफनाने का भी वकत नहीं

गैरों की कया बाते करें
जब अपनो के लिग वकत नहीं

आँखों में नींद भरी
पर सोने का वकत नहीं

पैसों की दौड में ऐसे दौडे कि
थकने के लिऐ वकत नहीं

तू ही बता ऐजिदगी
इस जिंदगी का कया होगा

कि हर मरने वालो को
जीने के लिऐ भी वकत नहीं....



Adhya Maritta Shibu
9 A

# चितत की सुनो

चितत की सुनो रे !
चितत की  सुनो
बाहर यपोर अंधकार
सँभतन कर चततो
राह कई हँ, अनजानी-सी
देख पग धरो रे मन!
चितत की सुनो....
अज्ञान के कारे बादल
गरजे-बरसे बिन काई मैसम
अपने मन की लौको जगाकर
रखना तूहर-पतत
रे मन, चितत का चितत रमाये
धयान करे हरि का
भव-सागर पार हो जाऐ
जगाकर रोम-रोम और प्राण
रे मन !......
चितत की सुनो रे !




Adhya Maritta Shibu
9 A

## चोटी तितली

चोटी- चोटी सुदर तितली ।
उपपन की शोभा है तितली।
रंग-बिरंगी जयारी तितली ।
फूलों का दोसती तितली ।
चोटी चोडी सुदर तितली ।


Sarath Chandra Saji
9A



# വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവർ



സബ് ജില്ലാതല മത്സര വിജയികൾ




സോഫ്റ്റ് ബോൾ സംസ്ഥാനതല വിജയികൾ



സോഫ്റ്റ് ബോൾ സംസ്ഥാനതല വിജയികൾ



ആട്യ - പാട്യ ദേശീയതല വിജയി



**ആട്യ പാട്യ സംസ്ഥാനതല വിജയികൾ**




**സ്കേറ്റിംഗ് മത്സര വിജയികൾ**



Soft Ball National Participant




Smart energy program cartoon winner



ദേശീയ ബാലശാസ്ത്ര കോൺഗ്രസ് വിജയികൾ



uss scholarship winners



NMMS WINNERS



ഹരിയാനയിൽ വെച്ച് നടന്ന നെറ്റ്ബോൾ മത്സരത്തിൽ വെള്ളിമെടൽ ജേതാവ്

# EVENTS IN SCHOOL













# YOUTH FESTIVAL

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ അമ്മമാർക്കുള്ള ബോധവൽക്കരണ ക്ലാസും കംപ്യൂട്ടർ പരിശീലനവും





# കോഴികുഞ്ഞ് വിതരണം






# PERSONALITY DEVELOPMENT CLASS





# CHRISTMAS





**മാഗസിന് പേര് നിർദ്ദേശിച്ച 8 A യിലെ ക്രിസ്റ്റീന സണ്ണിക്ക് അഭിനന്ദനങ്ങൾ**




നന്ദി